കാളേജുകളിലെ ഫീസ്.

*918. [51] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൽനിന്നും നടത്തുന്ന കാളേജുകളിലെക്കാൾ കൂടുതൽ ഫീസ് പ്രൈവറ്റ് എജൻസികൾ നടത്തുന്ന കാളേജുകളിൽ ഈടാക്കിവരുന്നതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ :

(ബി) അപ്രകാരം കൂടുതൽ ഫീസ് ഈടാക്കുന്നതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) ഗവണ്മെൻറ് കാളേജുകളിൽ നിലവിലിരിക്കുന്ന ഫീസ് നിരക്കനുസരിച്ചു് കിട്ടാവുന്ന വരവുണ്ടു് പ്രൈവറ്റ് കാളേജുകൾക്കു നടത്തുന്നതിനു കഴിയുന്നതല്ല.

അദ്ധ്യാപകന്മാരുടെ പേ ഫിക്സേഷൻ.

*919. [57] ശ്രീ. കെ. പി. ഹോർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ചു് അദ്ധ്യാപകന്മാരുടെ പേ ഫിക്സേഷൻ പൂർത്തിയാക്കാത്ത സ്കൂളുകൾ ഏതെങ്കിലും ഇൻസ്പെക്ടർ ഡിസ്ട്രിക്ടിൽ ഉണ്ടോ :

(ബി) ഉണ്ടെങ്കിൽ എത്ര ; ഏതെല്ലാം സ്കൂളുകൾ ;

(സി) താമസത്തിനു് കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്.

(ബി) ഒൻപതു് (ൻ)

1. സെൻറ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, കാഞ്ഞിരപ്പള്ളി.
2. സെൻറ് തെരീസാസ് സി. ജി. എച്ചു്. എസ്സ്, എറണാകുളം.
3. സെൻറ് ജോസഫ്സ് സി. ജി. എച്ചു്. എസ്സ്, ഇൻസ്പെക്ടർ.
4. എച്ചു്. ഡി. പി. എം. എസ്സ്, ഇടതിരിഞ്ഞി.
5. എം. എസ്സ്, ആലപ്പുഴ.
6. സെൻറ് മേരീസ് എം. എസ്സ്. ഫാർ ഗേൾസ്, ഇൻസ്പെക്ടർ.
7. സെൻറ് ജോർജ്ജസ് എം. എസ്സ്, മുക്കോട്ടുകര.
8. എം. എസ്സ്, പുത്തൻപീടിക.
9. സെൻറ് ജോസഫസ് എം. എസ്സ്, ഇരിഞ്ഞാലക്കുട.

(സി) പ്രധാനമായി രണ്ടു കാരണങ്ങൾ ഉണ്ടായിരുന്നു. പേ ഫിക്സേഷനു് അടിസ്ഥാനമായ 1952–53–ലെ സ്റ്റാഫ് സംബന്ധിച്ചുള്ള വിവരങ്ങൾ പൂർത്തിയാകാത്തതുകൊണ്ടും, പേഴ്സണൽ അലവൻസ് കൊടുക്കുവാൻ നിയമമില്ലാതിരുന്നതുകൊണ്ടും; 1–ാംസംഗതിയെപ്പറ്റി എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയാണു്. പൂർണ്ണവിവരങ്ങൾ കിട്ടിയാൽ ഉടനെ ഫിക്സേഷൻ നടത്തുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly